# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7019 13/07/2012 ൽ മറുപടിയ്ക്ക്

**പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ ഈ സർക്കാർ എന്തെല്ലാം വർദ്ധന വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് അനുവദിച്ചുവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ്, പോക്കറ്റ് മണി എന്നിവയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. |
| (ബി) പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് എന്നീ തലങ്ങളിലെ സ്കോളർഷിപ്പ് തുകയിൽ എത്ര ശതമാനം വർദ്ധന വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് തലങ്ങളിലെ സ്കോളർഷിപ്പ് തുകയിൽ 20% മുതൽ 127% വരെ വർദ്ധനവ് വരുത്തിയിട്ടുണ്ട്. |
| (സി) പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന മറ്റ് ആനുകൂല്യങ്ങളിൽ എത്ര ശതമാനം വർദ്ധന വരുത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ? | (സി) പട്ടികജാതി വിദ്യാർത്ഥികൾക്ക് അനുവദിച്ചുവരുന്ന ലംപ്സംഗ്രാന്റ് നിരക്കിൽ നേഴ്സറി തലത്തിൽ 50% വർദ്ധനവും എൽ.പി. വിഭാഗത്തിൽ 90% വർദ്ധനവും യു.പി. വിഭാഗത്തിൽ 108% വർദ്ധനവും ഹൈസ്കൂൾ വിഭാഗത്തിൽ 127% വർദ്ധനവും ഉണ്ടായിട്ടുണ്ട്. പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റിൽ 20% വർദ്ധനവ് വരുത്തിയിട്ടുണ്ട്. സ്റ്റൈപ്പന്റ് നിരക്കിൽ 20% വർദ്ധനവും പോക്കറ്റ് മണിയായി അനുവദിക്കുന്ന തുകയിൽ 25% മുതൽ 50% വരെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. 11/01/2012 ലെ സ.ഉ.(കൈ)6/12/ പജപവവിവ. നമ്പർ ഉത്തരവ് പ്രകാരമാണ് ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ